# Little Stars

C M C GHS ELATHUR

**2023-2024**

# C.M.C GHS ELATHUR












# ഉള്ളടക്കം

## സൃഷ്ടികൾ

1. ഇംഗ്ലീഷ് കവിത........8
2. ഇംഗ്ലീഷ് കവിത........9
3. മലയാളം കവിത........10
4.ഉള്ളൂർ ബാലകവിതകൾ ........11
5. കഥ (ഇംഗ്ലീഷ്)........14
6. കഥ മലയാളം........15
7. പ്രധാനപ്പെട്ട കണ്ടുപിടിത്തങ്ങൾ........17
8. കടങ്കഥകൾ........18
9. മഹത് വചനങ്ങൾ........19
10. A.I (ഇംഗ്ലീഷ്)........20
11. ഓസോൺ ക്വിസ്........21
12. Creative corner........23
13. എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ........24

# സന്ദേശം




വിവരങ്ങൾ സ്വീകരിക്കുന്നതിലും നിർമ്മിക്കുന്നതിലും പങ്കുവെക്കുന്നതിലും പ്രക്ഷേപണം ചെയ്യുന്നതിലും ഡിജിറ്റൽ മീഡിയ പ്രധാന പങ്ക് വഹിക്കുന്നു.ഡിജിറ്റൽ പ്രസിദ്ധീകരണങ്ങൾ എപ്പോഴും മാഗസിൻ രൂപകല്പനക്ക് വിപുലമായ ഒരു പുതിയ ലോകം നൽകുന്ന മികച്ച ഓപ്ഷൻ എന്നതിൽ സംശയമില്ല.

ലിറ്റിൽ കൈറ്റ്സിലെ വിദ്യാർത്ഥികൾ 2023 -24 വർഷത്തേക്ക് 'ലിറ്റിൽ സ്റ്റാർസ് ' എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുന്നു എന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. മാസിക നിർമ്മിക്കുന്നതിനുള്ള ആത്മാർത്ഥമായ പരിശ്രമത്തിന് എഡിറ്റോറിയൽ ബോർഡിന്റെ എല്ലാ സംഭാവനകളെയും ഞാൻ അഭിനന്ദിക്കുന്നു. എല്ലാ വിജയവും നേരുന്നു.

ഹെഡ്മിസ്ട്രെസ്


ഗീത. പി

ലിറ്റിൽ കൈറ്റിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയ 'Little Stars'എന്ന മാഗസിൻ പ്രകാശനം ചെയ്യുന്നതിൽ സന്തോഷമുണ്ട്. കുട്ടികൾ തന്നെ സ്വന്തമായി തയ്യാറാക്കിയ ഈ മാഗസിൻ ഏവർക്കും കരുത്തും പ്രചോദനവുമായിത്തീരട്ടെ എന്നാശംസിക്കുന്നു .ഇതിന്റെ വിജയത്തിനു വേണ്ടി അരങ്ങിലും അണിയറയിലും പ്രവർത്തിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ.



**LITTLE KITE MASTER**
**MUHAMMED NAFI PC**

ഇന്ന് ലോകം നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധികളെ അതിജീവിച്ച് തങ്ങളിലെ സർഗ്ഗാത്മകതയെ നൂതന സാങ്കേതിക വിദ്യയുടെ പിൻബലത്തിൽ ഈ ദളങ്ങളി ലേക്ക് കോറിയിടാൻ നമ്മുടെ മിടുക്കികൾക്ക് സാധിച്ചു എന്നതിന്റെ തെളിവാണ് ഈ ഡിജിറ്റൽ മാഗസിൻ.ഭാവനയും അഭിരുചിയും സർഗ്ഗവാസനയും ഒന്ന് ചേർ ന്നിരിക്കുന്ന ഈ ഉദ്യമത്തിൽ ആത്മാർത്ഥമായി പങ്കു ച്ചേർന്നു ഈ ഡിജിറ്റൽ മാഗസിൻ മനോഹരമാക്കി തീർത്ത എല്ലാ പ്രിയ വിദ്യാർത്ഥിനികൾക്കും എന്റെ ആശംസകൾ. തുടർന്നും നവോന്മേഷത്തോടെ പുത്തൻ ആശയങ്ങളെ ആസ്വാദക ഹൃദയത്തിലേക്കെത്തിക്കാൻ നിങ്ങൾക്ക് കഴിയട്ടെ!



**Little Kites Mistress**
**Lekshmy S**

ലിറ്റിൽ കൈറ്റിന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ എല്ലാ ഹൈസ്കൂളുകളിലും ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു എന്നത് ഏറെ പ്രതീക്ഷ പകരുന്ന വാർത്തയാണ്. കേരളത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിൽ ആദ്യമായാണ് മുഴുവനായും വിദ്യാർത്ഥികളുടെ പങ്കാളിത്തത്തോടെ ഒരു ഡിജിറ്റൽ ഉൽപന്നം തയ്യാറാക്കുന്ന ഈ പ്രവർത്തനം . ഇതോടൊപ്പം നൂതനമായ നൈപുണികളുള്ള ഒരുപറ്റം കുട്ടികൾ നമ്മുടെ വിദ്യാലയങ്ങളിൽ വളർന്നു വരുന്നു എന്ന വസ്തുതയും ആശാവഹമാണ്. പൂർണ്ണമായും സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് ഈ ഉത്പന്നം തയ്യാറാക്കിയിരിക്കുന്നത് എന്നത് ഒരു വലിയ പ്രതിരോധത്തിന്റെ വഴിയും തുറന്നു തരുന്നു. വരാനിരിക്കുന്ന വസന്തത്തിന്റെ തുടക്കമാവട്ടെ ഇതെന്ന് ആശംസിക്കുന്നു .



**SCHOOL IT COORDINATOR**
**Vibhoothi Krishnan**


# STUDENTS

In halls of knowledge, where dream take flight ,
Students weave futures,
Embracing the light .



With pens as wands and books as their guide ,
The journey through wisdom side by side ,
Challenges faced lessons  embraced.
In the pussuit of knowledge a vibrant chase.
The classroom eachoes with laughter and cheer.
As students strive, year after years.

On seekers of wisdom, minds open wide,
In the world of learning, let passion be your guide.
Through exams and essays, and victories won ,
May your academic journey be filled with fun



Shahza Mariyam
VIII D

# PARENTS

In loves' embrace,the parents' heart does swell,

Guiding with wisdom, in stories they tell.

Through exams and tears,in laughter and strife, they shape our world , the architects of life.

A lullaby whispered in the calm of night,

Hugs that heel , making everything right.

In sacrifices made, A silent art.

A legacy of love forever shines. For parents dear, with gratitude so grand,

In the symphony of life, you take the stand.





Fathima pp

VIII B

# ഘടികാരം



ഓരോ നിമിഷവും നിന്നിൽ
അലിഞ്ഞു ചേരുന്നു ഞാൻ
ലോകം മുഴുവൻ നിൻ്റെ മൂല്ല്യമറിയുന്നു......
ഓരോ കാര്യവും നീ മൂലം മാത്രമായി നടക്കുന്നു......
കൃത്യത,പൂർണ്ണത ഇതെല്ലാം.
നീയാണ് നീ മാത്രമാണ്
ഏതു കാലത്തും എല്ലാവരും നിന്നെ
രാജാവായി വാഴ്ത്തുന്നു......
നീയില്ലാതെയൊന്നും പൂർണമാവില്ല!

നീ നിശ്ചലമായാൽ
ലോകം മുഴുവൻ ചലനമറ്റു കിടക്കും
ചിലപ്പോൾ നീയൊരു അധ്യാപകനായി
മാറുന്നു.......
പലരിലും കൃത്യത പുലർത്താൻ എന്നും നീ പരിശ്രമിച്ചു!
ചിലപ്പോൾ പലരും നിന്നെ ശത്രുവായി കാണും.
ചിലപ്പോൾ നിന്നെ പലരും ദൈവമായി കാണും.
നീയില്ലെങ്കിൽ ഈ ലോകം തന്നെയില്ല
നീയില്ലെങ്കിൽ ഒന്നും പൂർണ്ണമാവില്ല
നീ നിലച്ചാൽ...... എല്ലാം........ ദൂരത്ത്.......!!!



Devanandha SA
IX B

# വിദ്യ


വിദ്യ വിത്തമെന്തിന് മർത്ത്യന്ന്–
വിദ്യ കൈവശമാകുകിൽ
വെണ്ണയുണ്ടെങ്കിൽ നേരുതേയ്–
വേറിട്ടു കരുതണമോ...?
വിദ്യ വിട്ടു നരന്നാമോ...? വിശ്വംഭരയിൽ വാഴുവാൻ
ആയുധം കയ്യിലെ റാത്തോ
നടരാട്ടുന്നതെങ്ങനെ..?
പുറം കണ്ണ് തുറപ്പിച്ചു പുലർവേളയിൽ ആശുമാൻ
അക്കക്കണ്ണ് തുറപ്പിക്കാ–
നാശാൻ ബാല്യത്തിലെത്തിക്കണം
അന്നു മേകുന്നവൻ മോദ–



മപ്പോൾ മാത്രമാണച്ചിട്ടും ച
ആ ജീവിതമാകുമാനന്ദ –
മരുളും വിദ്യ നൽകുമ്പോൾ
കൊണ്ടുപോകില്ല ചോരന്മാർ
കൊടുക്കും തോറും
ഏറിടും മേന്മ നൽകും മരിച്ചാലും
വിദ്യ തന്നെ മഹാധനം
പഠിക്കണം നാം ഓരോന്നും
ബാല്യം തോറ്റു തൊട്ടു നിരന്തരം
പഠിത്തം മതിയാക്കീടാം
പ്രാണൻ
മേനി വിടുന്ന നാൾ
ബാലൻ തൻ വിദ്യാലൊറ്റ
സേവനത്തിനിരുട്ടു പോം
ബാലതൻ വിദ്യയാൽ വായ് ക്കും പ്രകാശം
പല വീട്ടിലും വിദ്യ തന്നെ പരം നേട്ടം
ബുദ്ധി തന്നെ പരം ധനം
ദയ തന്നെ പരം പുണ്യം
ശമം തന്നെ പരം സുഖം.

# ഉള്ളൂർ ബാലകവിതകൾ

## സൂര്യൻ



നീയതില്ലാതെ കിടന്നു മയങ്ങിടു-

മുലകിനെ വീണ്ടുമു ഉണർത്തുവതിനായി

പുലർകാലത്തു കിഴക്കൻ മലമേൽ

തലക്കാട്ടുന്നിതു കതിരവ ആവാൻ

മഷി

പോലുള്ളൊരുരിരുട്ടിനെയിപ്പോൾ

മഷിയിട്ടാലും കാണാൻ വിഷയം കൂട്ടിൽ

ജീവനുമായി പാഞ്ഞേതോ കൂട്ടിനകത്തൊളിച്ചു കിടപ്പു

അങ്ങനെ വേണം രാമപുരത്തു മതു

ഞങ്ങളെയൊരു പടി ചുറ്റിച്ചില്ലേ

നല്ല വെളിച്ചം വീണു ജഗതി-

നല്ല ഒഴിഞ്ഞു സുഖിക്കാൻ മേലിൽ

പ്രാണപദനാം പരമാത്മാവേ....

കാണാത്തക്കൊരു പുരദൈവമേ

ആറുമണിക്കെ എഴുന്നേൽക്കും പിന്നെയു-

മാറുമണിക്ക് കിടക്കാൻ പോകും

വേലയുമിളവും തിരുവടി

കാലത്തിൽ വിലയേറിടും കല്യൻ

ഈ നിയമത്തിന് കൽപം

വേറെയൊരു  ഹാനി വരില്ല

മുറയ്ക്കു നടക്കും അങ്ങനെ-

യൊരു വക നിഷ്ഠയിരുന്നാൽ

ഞങ്ങളുമുലകിൽ ദുഃഖിക്കേണ്ട

പണിയും വിശ്ര മവും ശരിയാക്കാൻ

പണിയുള്ളവനെ പാടുകയുള്ളൂ....!!

# ഉള്ളൂർ ബാലകവിതകൾ

## കാക്കയും കുഞ്ഞും



കാക്കേ കാക്കേ കൂടെവിടെ..?കൂട്ടിനകത്തൊരു കുഞ്ഞുണ്ടോ

കുഞ്ഞിന് തീറ്റ കൊടുക്കാൻ ഞാൻ

കുഞ്ഞു വിഷന്നു കരഞ്ഞീടും

കുഞ്ഞേ....കുഞ്ഞേ...നീ തരുമോ..!!

നിന്നുടെ കയ്യിലെ നെയ്യപ്പം..!

ഇല്ല തരില്ല നെയ്യപ്പം..!

അയ്യോ.... കാക്കേ....

പറ്റിച്ചോ...!?!?



Fathima muheena

IX C

# AN OLD MAN LIVED IN THE VILLAGE!

An old man lived in the village. He was one of the most unfortunate people in the world. The whole village was tired of him; he was always gloomy, he constantly complained and was always in a bad mood.

The longer he lived, the more bile he was becoming and the more poisonous were his words. People avoided him, because his misfortune became contagious. It was even unnatural and insulting to be happy next to him.

He created the feeling of unhappiness in others. But one day, when he turned eighty years old, an incredible thing happened. Instantly everyone started hearing the rumour:

“An Old Man is happy today, he doesn’t complain about anything, smiles, and even his face is freshened up.”

The whole village gathered together. The old man was asked:

Villager: What happened to you?



“Nothing special. Eighty years I’ve been chasing happiness, and it was useless. And then I decided to live without happiness and just enjoy life. That’s why I’m happy now.” – An Old Man

Moral of the story:

Don’t chase happiness. Enjoy your life.



Fathima Hyrin V

IX C

# മൃതിയുടെ അമർച്ച

ഫോണിലൂടെ ഒരു കൊച്ചു കുഞ്ഞിൻറെ കരച്ചിൽ അവൻ വ്യക്തമായി കേട്ടു. ഫോണിൽ അമ്മായി ഉച്ചത്തിൽ സംസാരിക്കുകയും ചിരിക്കുകയും ചെയ്യുന്നുണ്ട്. അവരുടെ സംസാരത്തിലൂടെ അച്ഛനാണ് സംസാരിക്കുന്നതെന്ന് അവൻ ഊഹിച്ചു. അധികം നേരം കാത്തിരിക്കാൻ അവനായില്ല. എന്തായി അമ്മായീ, അമ്മയ്ക്ക് വാവ ഉണ്ടായോ! അവൻ ആകാംക്ഷയോടെ ചോദിച്ചു. അമ്മായി ഫോൺ അവൻ്റെ ചെവിയിലേക്ക് വച്ചുകൊടുത്തു. മോനൂ, അമ്മയ്ക്ക് വാവ ഉണ്ടായി. മോനേ, ഒരനിയത്തിക്കുട്ടി ഉണ്ടായെന്ന്. അച്ഛൻ സന്തോഷത്തോടെ അറിയിച്ചു. അവൻ്റെ കണ്ണിൽ നിന്ന് അവൻ അറിയാതെതന്നെ കണ്ണുനീർ തുള്ളി ഇറ്റുവീണു. അയ്യേ... നീ കരയാ, ആൺകുട്ടികൾ കരയാൻ പാടില്യ. ആ സമയം ഒരു നിമിഷത്തേക്ക് അവന് അമ്മായിയോട് എന്തെന്നില്ലാത്ത ദേഷ്യം തോന്നി. പലപ്പോഴും അമ്മായിയുടെ ഇങ്ങനെയുള്ള സംസാരങ്ങൾ അവനിഷ്ടമല്ല. അമ്മ ഗർഭിണിയായപ്പോൾ വീട്ടിൽ വന്ന് നിന്നതാ അമ്മായി, എന്നാൽ പലപ്പോഴും അവരെ അവന് ഇഷ്ടമാകാറില്ല. ആൺകുട്ടികൾ കരഞ്ഞാൽ ആകാശം ഇടിഞ്ഞുവീഴുമോ എന്ന് അവന് ചോദിക്കണമെന്ന് ഉണ്ടായിരുന്നെങ്കിലും അവൻ്റെ അനിയത്തിക്കുട്ടിയെ കുറിച്ചുള്ള ചിന്തകൾ അവൻ്റെ ദേഷ്യത്തെ അലിയിച്ചു കളഞ്ഞു.

സമയം രാത്രി നന്നേ വൈകിയിരുന്നു. പോയി കിടന്നുറങ്ങാൻ കുറച്ചധികം സമയമായി. അമ്മായി നിർദ്ദേശിക്കുന്നു എങ്കിലും അവന് അറിയാൻ കുറേ കാര്യങ്ങളുണ്ടായിരുന്നു. എപ്പഴാ എന്നെ വാവയെ കാണാൻ കൊണ്ടുപോവുക? അവൻ്റെ അനിയത്തിയെ കാണാനുള്ള അവൻ്റെ അതിയായ ആഗ്രഹത്തിന് മറുപടിയായി അവന് കിട്ടിയത് പോയി കിടന്നുറങ്ങെടാ ചെറുക്കാ എന്ന ശകാരം ആയിരുന്നു. ആ നിമിഷം അവന്റെ മനസ്സിലൂടെ കടന്നുപോയ ചിന്തകൾക്ക് അതിരില്ലായിരുന്നു. അവരെ അങ്ങ് കൊന്നിട്ട് ഓടി പോയാലോ എന്ന് വരെ അവൻ ചിന്തിച്ചു. ഉറങ്ങാൻ കിടന്നിട്ടും അവൻറെ ചിന്തയിൽ നിറഞ്ഞുനിന്നത് അവന്റെ അനിയത്തിക്കുട്ടിയാണ്. അവൻ്റെ സ്വപ്നം നിറയെ തൻ്റെ അനിയത്തിക്കുട്ടിയുടെ കൂടെ അവൻ ആഗ്രഹിച്ച ഓരോ സന്ദർഭവും ഒരു സിനിമ പോലെ തെളിഞ്ഞു കണ്ടു. അവൻ എപ്പോഴാണ് ഉറങ്ങിയത് എന്ന് അവൻ പോലും അറിഞ്ഞില്ല.

രാവിലെ ആരുടെയൊക്കെയോ സംസാരവും ശബ്ദവുമൊക്കെ കേട്ടാണ് അവൻ ഉണർന്നത്. കണ്ണിൽ ഒരുപാട് ഉറക്കം ബാക്കിയാക്കി അവൻ എഴുന്നേറ്റു വന്നപ്പോൾ എല്ലാവരും ടി.വി ക്ക് മുമ്പിൽ ഇരിക്കുകയാണ്. അവന് ഒന്നും മനസിലായില്ല. പിന്നെ ഒരു പൊട്ടിക്കരച്ചിലാണ് കേട്ടത്. അവൻ ശബ്ദം കേട്ട ഭാഗത്തേക്ക് കുതറിയോടി. അമ്മായി നിലത്ത് വീണു കിടന്നു കരയുകയാണ്. ദേഹം മുഴുവൻ വിയർത്തിയിട്ടുണ്ട്. അടുത്ത വീട്ടിലെ ആളുകൾ ഒക്കെ എത്തിയിട്ടുണ്ട്. അറബിയിലും ഇംഗ്ലീഷിലും ഒക്കെ ആളുകൾ സംസാരിക്കുന്നുണ്ട്. അവനൊന്നും മനസ്സിലായില്ല. അവൻറെ കാലുകളും കൈകളും ഒക്കെ വിറയ്ക്കാൻ തുടങ്ങി. നെഞ്ചിടിപ്പിന്റെ താളം ഒരു മഴത്തുള്ളി മണ്ണിൽ പതിക്കുന്നതിനേക്കാൾ വേഗത്തിലായി. സർവ്വധൈര്യവും സംഭരിച്ച് അവൻ ഹാളിലേക്ക് നടന്നു. ആ സമയം അവൻ്റെ ഹൃദയം നിലച്ച പോലെ അവന് അനുഭവപ്പെട്ടു. അവൻറെ വായിൽ നിന്ന് ശബ്ദം പുറത്തേക്ക് വന്നില്ല. ഒന്നുറക്കെ കരയാൻ പോലും അവനായില്ല. ടി.വി യിൽ ഹോസ്പിറ്റലിൽ ബോംബ് വീണ് പൊട്ടിപ്പൊളിഞ്ഞ കെട്ടിടവും, എണ്ണമില്ലാത്തത്ര ജീവനറ്റ ശരീരങ്ങളും അവൻ കണ്ടു. അതിനിടയിൽ അവൻറെ അമ്മയും...

കുറെ നേരത്തെ അനക്കമില്ലാത്ത ഇരുത്തത്തിൽ നിന്നും കണ്ണ് തുടച്ചു എഴുന്നേറ്റു. കാലുകൾ നിലത്തുറക്കുന്നുണ്ടായിരുന്നില്ല. ആടിയാടി അവൻ അമ്മായിയുടെ അടുത്ത് ചെന്നിരുന്നു. വെള്ളത്തിൻറെ അംശം വറ്റിപ്പോയ അവൻറെ നാവുകൾ വിക്കി വിക്കി ചോദിച്ചു. വാ..വ എവിടെ? ഒരു പൊട്ടിക്കരച്ചിൽ മാത്രമായിരുന്നു അതിൻറെ മറുപടി. അത് അവന് സഹിക്കാവുന്നതിലും അപ്പുറമായിരുന്നു. വർഷങ്ങളായി കൂടെ കളിക്കാൻ ഒരു കൂട്ടിനു വേണ്ടി കാത്തിരുന്ന അവന് ഒരു അനിയത്തിക്കുട്ടിയെ കൊടുത്തപ്പോൾ,

മനസ്സ് നിറയെ സന്തോഷിച്ചപ്പോൾ, ഇത്രവേഗം തിരിച്ചു വിളിക്കുമെന്ന് കരുതിയില്ല, ഒരു തിരി കത്തുന്നത്ര സമയമേ ആ സന്തോഷത്തിന് ആയുസ്സുള്ളൂ എന്ന് കരുതിയില്ല. ഇത്ര ക്രൂരത കാട്ടാൻ അവൾ എന്തു ചെയ്തു! ഒരു നോക്ക് കാണാൻ പോലും ബാക്കി വെച്ചില്ലാലോ... ചോദ്യങ്ങളുടെ ഒരു നീണ്ട നിര അവൻറെ മനസ്സിനെ കുത്തി നോവിച്ചു. അച്ഛനെപ്പറ്റി കൂടി ചോദിക്കാനുള്ള ത്രാണി അവനുണ്ടായിരുന്നില്ല.







ഫലസ്തീനും ഇസ്രയേലും തമ്മിലുള്ള യുദ്ധത്തെപ്പറ്റി അവന് നേരത്തേ ധാരണയുണ്ടായിരുന്നു. എന്നാൽ അതിൽ തൻ്റെ പ്രിയപ്പെട്ടവരുടെ ജീവനും നഷ്ടപ്പെടും എന്ന് അവൻ ഒരിക്കലും ചിന്തിച്ചില്ല. അവന് തന്നോട് തന്നെ വെറുപ്പ് തോന്നി. സർവ്വ മനുഷ്യജന്മത്തോടും വെറുപ്പ് തോന്നി. എല്ലാത്തിനും അപ്പുറം അവൻറെ മനസ്സിൽ ഒരൊറ്റ ചോദ്യമേ അവശേഷിച്ചുള്ളൂ. ഇനി തനിക്ക് എത്ര ആയുസ്സുണ്ട്? ആരുടെയൊക്കെയോ മുമ്പിൽ എരിഞ്ഞ് തീരാൻ ഇനി എത്ര സമയം ബാക്കി! ആ ചോദ്യത്തിന് അധികസമയം ബാക്കി നിന്നില്ല. ജനലിന്റെ ചില്ല് പൊട്ടിയ ശബ്ദം കേട്ട് തിരിഞ്ഞ അവന്റെ നെറ്റിയിലേക്ക് വെടിയുണ്ട തുളച്ചു കയറി. ഒരുപാട് ആഗ്രഹങ്ങളും സ്വപ്നങ്ങളും നെഞ്ചിലേറ്റിയ ആ പത്ത് വയസ്സുകാരന്റെ ജീവനും കൊഴിഞ്ഞു.






Adeena T.P
IX C

# 10 Inventions that changed the world

1. Stone tools – Homo Habilis

2. Daguerreotype – Louis Daguerre



3. Sexaphone – Adolphe Sax

4. Bessemer Process – Henry Bessemer

5.Celluloid – John Hyatt

6. Edison Cylinder phonograph – Thomos Edison

7. Wright flyer of 1903 – Wright Brothers

8. Iconoscope television camera & Kinescope receiver – Vladimir Zworykin

9. Integrated circuit – Jack Kilby & Robert Noyce

10. Apple 2 personal computer – Steve Wozniak & Steve Jobs



Ayisha sidhique E

IX C

# കടങ്കഥകൾ

1.അകത്തു പോയപ്പോൾ പച്ച.പുറത്ത് വന്നപ്പോൾ ചുവപ്പ്?

:വെറ്റിലമുറുക്ക്

2.ഞാൻ നോക്കിയാൽ എന്നെ നോക്കും ഞാൻ ചിരിച്ചാൽ അവനും ചിരിക്കും?

:കണ്ണാടി

3.തിന്നില്ല കുടിക്കില്ല തല്ലാതെ മിണ്ടില്ല

:ചെണ്ട

4.ചട്ടിത്തൊപ്പിക്കാരൻ കുടവയർ കണ്ടാൽ കാലികളുടെ വായിൽ തേനൂറും

:വൈക്കോൽ



5.മിണ്ടാതെ കാര്യം പറയാൻ മുഖംമൂടി എടുത്ത് മൂട്ടിലിടും

: പേന

6. കഴുത്തുണ്ട് കാതില്ല കൈയുണ്ട് കാലില്ല

: ഷർട്ട്

7. മണ്ണ് വെട്ടി പാറ കണ്ടു പാറ വെട്ടി വെള്ളി കണ്ടു വെള്ളി വെട്ടി വെള്ളം കണ്ടു

: തേങ്ങ



Fathima Shahana
IX A

8. ആകാശംമുട്ടെ വളരും മരം കാക്കക്കിരിക്കാൻ പറ്റില്ല

: പുക

9. പിടിച്ചാൽ പിടികിട്ടില്ല വെട്ടിയാൽ വെട്ടേൽക്കില്ല

: വെള്ളം

10. അങ്ങേ വീട്ടിലെ മുത്തശ്ശിക്ക് ഇങ്ങേ വീട്ടിൽ മുറ്റമടി

: മുള

# മഹത് വചനങ്ങൾ

1. മനുഷ്യൻ വേണ്ടതെല്ലാം പ്രകൃതിയിലുണ്ട് അത്യാഗ്രഹത്തിനുള്ളത് ഇല്ലാതാനും

മഹാത്മാഗാന്ധി

2. ആദർശം, ലക്ഷ്യമൂല്യങ്ങൾ എന്നിവ സ്മരിക്കുമ്പോൾ

മാത്രമേ നമുക്ക് പരാജയം സംഭവിക്കു.

ജവഹാർലാൽ നെഹ്റു

3. ഏറ്റവും വില കൂടിയ സമ്പത്ത് ജ്ഞാനമാണ്, ഏറ്റവും ശക്തമായ ആയുധം ക്ഷമയാണ്, ഏറ്റവും നല്ല സുരക്ഷ വിശ്വാസമാണ്, ഏറ്റവും ഫലപ്രദമായ ടോണിക് ചിരിയാണ്, അതിശയകരമെന്നു പറയട്ടെ എല്ലാം സൗജന്യമാണ്.



എ. പി. ജെ അബ്ദുൽ കലാം

4. ജാതി ചോദിക്കരുത്, പറയരുത് ചിന്തിക്കരുത്.

ശ്രീ നാരായണഗുരു

5. വെറുപ്പ് നിറഞ്ഞ ചിന്തകളിൽ നിന്ന് മുക്തരാകുന്നവർ സമാധാനം കണ്ടെത്തും.

ശ്രീ ബുദ്ധൻ

6. മനുഷ്യന്റെ ദിവ്യ പ്രകൃതത്തെ ജ്വലിപ്പിക്കുന്ന ഏതു കർമവും ഉത്തമം, അതിനെ മുരടിപ്പിക്കുന്ന കർമ്മം ആധാർമ്മവും.

സ്വാമി വിവേകനന്ദൻ

7. സ്വഭാവം ഒരു വൃക്ഷം പോലെയാണ്, കീർത്തിനിഴൽ പോലെയാണ്. വൃക്ഷം യഥാർത്ഥമാണ് നിഴലിനെ പറ്റിയാണ് നാം ചിന്തിക്കുന്നത്.

എബ്രഹാംലിങ്കൺ

8. സ്നേഹിക്കാൻ ത്യജിക്കുക തന്നെ വേണം. ഇത് ലോകത്തിന്റെ മൗലിക സത്യമാണ്.

ടാഗോർ

9. നിങ്ങൾക്ക് രണ്ട് അവസരമുണ്ട്. നിങ്ങളുടെ മനസ്സിനെ നിയന്ത്രിക്കുക അല്ലെങ്കിൽ നിങ്ങളെ നിയന്ത്രിക്കുവാൻ മനസ്സിനെ അനുവദിക്കുക.

പൗലോകൊയ്‌ലോ

10. വിജ്ഞാനം മുദ്ര വെച്ച് പൂട്ടിയ ഖജനാവാണ്. അന്വേഷണമാണ് അതിന്റെ താക്കോൽ

നബി വചനം



Minha K
IX A

# Artificial Intelligence

Artificial intelligence is the intelligence passed by the machines under which they can perform various function with human help. With the help of artificial intelligent machines will be able to learn, solve problems, plan things , think etc. Artificial intelligence, for example, is the simulation of human intelligence by machines. In the field of technology. Artificial intelligent is evolving rapidly day by day and it is believed that in the near future, artificial

Artificial intelligence:- •face app
•self driving car
•robotics

Robot:- •atlas
•spot mini
•handle

Artificial game:- •Alpha go
•Amazon echo

Face detection - camera:-•surveillance
•emotion detection

AI movies:- •ex - machine
•matrix
•transcendence



Machine learning:- •supervised
•un supervised
•rein forcement learning

Fathima Hiba p p
IX C

Neuralink ➡ AI for our brain

# ഓസോൺ ദിന ക്വിസ്

1. ഓസോൺ പാളി കാണപ്പെടുന്ന അന്തരിക്ഷ മണ്ഡലം ഏത്?

(A) സ്ട്രറ്റോസ്ഫിയർ

2. ഓസോൺ പാളി ഭൂമിയിൽ നിന്ന് എത്ര ഉയരത്തിലാണ് സ്ഥിതിചെയ്യുന്നത്?

(A) 20 മുതൽ 35 കിലോമിറ്റർ വരെ

3. ഏത് വർഷമാണ് ഓസോൺ വാതകം കണ്ടെത്തിയത്?

(A) 1839 ൽ

4. ഓസോൺ വാതകം കണ്ടെത്തുകയും ഓസോൺ എന്ന പേര് നൽകുകയും ചെയ്ത ജർമൻ ശാസ്ത്രജ്ജ്ഞൻ ആര്?

(A) ക്രിസ്റ്റിൽ ഫെഡറിക് ഷോൺ ബേയ്ൻ

5. ഓസോൺ വാതകം കണ്ടുപിടിച്ച ക്രിസ്റ്റിൽ ഫെഡറിക് ഷോൺ ബേ യ്ൻ ഏത് സർവകലാശാലയിലെ പ്രൊഫസർ ആയിരുന്നു?

(A) സ്വിറ്റ്സർ ലാന്റിലെ ബേസർ സർവകലാശാല

6. ഓസോൺ എന്ന പദം രൂപം കൊണ്ടത് ഏത് ഗ്രിക് പദത്തിൽ നിന്നാണ്?

(A) ഓസിൻ

7. ഓസിൻ എന്ന ഗ്രിക് പദത്തിന്റെ അർഥം എന്താണ്?

(A) മണമുള്ളത്

8. ലോക ഓസോൺ ദിനം എന്നാണ്?

(A) സെപ്റ്റബർ 16

9. സെപ്റ്റംബർ 16 ലോക ഓസോൺ ദിനമായി ഐക്യരാഷ്ട്ര സംഘടന ( UN ) ആചരിക്കാൻ തുടങ്ങിയത് ഏത് വർഷം മുതലാണ്

(A) 1994 സെപ്റ്റംബർ 16

10. ഐക്യരാഷ്ട്ര സംഘടനയുടെ ഏത് ഏജൻസി ആണ് ഓസോൺ ദിനം ആചരിക്കുന്നത്?

(A) UNEP ( United Nations Environment Programme )



Laya Ratheesh

IX A

# CREATIVE CORNER





Naseeha
VIII D

# EDITORIAL BOARD



1.Fathima Shahana P IX A

2.Devika S Manoj IX C

3.Minha K IX A

4.Ayisha Hiba P V IX A

5. Laya Ratheesh IX A

6.Ayisha Sidhique E IX C

7.Amina Hannath IX B

8.Aifa Fathima E IX B

9.Fathima Hiba P P IX C

1O.Fathima Muheena M K IX C



*Little Kites 2023-2024 Batch*

# നന്ദി

'Little Stars'എന്ന ഈ മാഗസിൻ ഞങ്ങളുടെ സ്കൂളിൽ തന്നെ ഒരു നൂതന ആശയമാണ് .ഇത് തയാറാക്കാൻ ഞങ്ങളെ പ്രേരിപ്പിക്കുകയും ഊർജ്ജം പകരുകയും ചെയ്ത ലിറ്റിൽ കൈറ്റ്സ് അധ്യാപകരായ നാഫി സാറിനും ലക്ഷ്മി ടീച്ചർക്കും ഞങ്ങൾ ആദ്യമേ നന്ദി പറയുന്നു .

ഒഴിവ് ദിനങ്ങളിലും സ്കൂൾ ഇടവേളകളിൽ പോലും മാഗസിനു വേണ്ടി രചന ചെയ്യുകയും ചിത്രങ്ങൾ ചെയ്ത ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും മറ്റ് വിദ്യാർത്ഥികൾക്കും  നന്ദി പറയുന്നു .

എല്ലാ അധ്യാപകർക്കും  ഇതിന്റെ പിന്നിൽ പ്രവർത്തിച്ച മറ്റെല്ലാവർക്കും ലിറ്റിൽ കൈറ്റ്സിന്റെ പേരിലും സ്കൂളിന്റെ പേരിലും ഞങ്ങൾ നന്ദി രേഖപെടുത്തുന്നു .....

